# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 508 — 12.06.2012-ൽ മറുപടിക്ക്

## നീതി മെഡിക്കൽ സ്റ്റോറുകളിലൂടെ വിതരണം ചെയ്യുന്ന മരുന്നുകളുടെ ശേഖരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എം.ഷാജി :<br>ശ്രീ. പി.കെ.ബഷീർ :<br>ശ്രീ. പി.ഉബൈദുള്ള :<br>ശ്രീ. റ്റി.എ.അഹമ്മദ് കബീർ : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) കൺസ്യൂമർഫെഡിന്റെ കീഴിലെ നീതി മെഡിക്കൽ സ്റ്റോറുകളിലൂടെ വിതരണം ചെയ്യുന്നതിനുള്ള മരുന്നുകളുടെ ശേഖരണ രീതിയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) നീതി മെഡിക്കൽ സ്റ്റോറുകളുടെ എണ്ണം വർദ്ധിച്ചു വരുന്നതിനനുസരിച്ച് കൂടുതൽ കമ്പനികളിൽ നിന്നും മരുന്നുകൾ നേരിട്ട് ശേഖരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) ഇതിനായി വൻകിട മരുന്ന കമ്പനികളിൽ നിന്നും നേരിട്ട് മരുന്ന വാങ്ങുന്നതിനുള്ള നടപടികളിൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) വൻകിട മരുന്ന കമ്പനികളിൽ നിന്നും പല ഇനം മരുന്നുകളും കൺസ്യൂമർ ഫെഡറേഷൻ നേരിട്ട് വാങ്ങി വരുന്നുണ്ട്. |
| (സി) ഇങ്ങനെ കമ്പനികളിൽ നിന്ന് നേരിട്ട് ശേഖരിക്കുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്കുള്ള സംവിധാനത്തെക്കുറിച്ചുള്ള വിശദവിവരം നല്കാമോ ; | (സി) മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്ക് വേണ്ടി ഫെഡറേഷന് സ്വന്തമായി സംവിധാനങ്ങളൊന്നും ഇപ്പോൾ നിലവിലില്ല. ഗുണനിലവാര പരിശോധന കഴിഞ്ഞ മരുന്നുകളാണ് ഫെഡറേഷൻ വാങ്ങി വിൽപ്പന നടത്തുന്നത്. |
| (ഡി) സഹകരണ വകുപ്പിനുകീഴിലെ മെഡിക്കൽ സ്റ്റോറുകളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തുന്ന കാര്യം പരിഗണിനയിലുണ്ടോ; എങ്കിൽ വിശദവിവരം നല്കാമോ; | (ഡി) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും, നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കണമെന്ന സർക്കാർ നയത്തിന്റെ ഭാഗമായി നീതി മെഡിക്കൽ സ്റ്റോറുകൾ നിലവിലില്ലാത്ത പഞ്ചായത്തുകൾക്ക് പ്രാമുഖ്യം നൽകി സഹകരണ സംഘങ്ങൾ/ കൺസ്യൂമർ ഫെഡറേഷൻ എന്നിവയുടെ ആഭിമുഖ്യത്തിൽ നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന് സഹകരണ വകുപ്പും കൺസ്യൂമർ ഫെഡറേഷനും സംയുക്തമായി ശ്രമങ്ങൾ നടത്തി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | മരുന്നുകളുടെ ശേഖരണം, വിതരണം എന്നിവയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെക്കുറിച്ച് വിശദമാക്കാമോ? | (ഇ) | മരുന്ന് ഉൽപ്പാദക കമ്പനികളിൽ നിന്നും അല്ലെങ്കിൽ അവരുടെ അംഗീകൃത സൂപ്പർ സ്റ്റോക്കിസ്റ്റ്മാരിൽ നിന്നുമാണ് നീതി മെഡിക്കൽ സ്റ്റോറിലേക്കുള്ള പല ഇനം മരുന്നുകളും കൺസ്യൂമർ ഫെഡറേഷൻ പരമാവധി വാങ്ങുന്നത്. ഇപ്രകാരം ലഭ്യമല്ലാത്ത മരുന്നുകൾ കമ്പനികളുടെ സി ആന്റ് എഫ് ഏജന്റുമാരിൽ നിന്നും വാങ്ങുന്നു. പ്രാദേശികമായി മാത്രം ഡിമാന്റുള്ളവ ഒഴികെയുള്ള എല്ലാ ഇനം മരുന്നുകളും കേന്ദ്രീകൃതമായിട്ടാണ് വാങ്ങുന്നത്. ഇപ്രകാരം സംഭരിക്കുന്ന മരുന്നുകൾ ശേഖരിച്ചു വയ്ക്കുന്നതിനും നീതി മെഡിക്കൽ സ്റ്റോറുകൾക്ക് വിതരണം ചെയ്യുന്നതിനും വേണ്ടി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ നീതി മെഡിക്കൽ വെയർഹൗസുകൾ പ്രവർത്തിക്കുന്നുണ്ട്. നീതി മെഡിക്കൽ സ്റ്റോറുകൾ നൽകുന്ന ഇന്റന്റ് പ്രകാരമുള്ള മരുന്നുകൾ ഫെഡറേഷന്റെ ചെലവിൽ സ്റ്റോറുകളിൽ എത്തിച്ചുകൊടുക്കുന്നതിനു വേണ്ടി പ്രത്യേക സജ്ജീകരണങ്ങളോടുകൂടിയ വാഹനങ്ങൾ വെയർഹൗസുകളോടനുബന്ധിച്ച് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംഘങ്ങൾക്ക് അവരുടെ ഇന്റന്റ് നീതി മെഡിക്കൽ വെയർഹൗസുകളിലേയ്ക്ക് ഓൺലൈനായി അയയ്ക്കുന്നതിനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**